പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2174 01.02.2018 -ൽ മറുപടിക്ക്.

## ഹോട്ടൽ ഭക്ഷണത്തിന്റെ വില വർദ്ധന

| ചോദ്യം<br>**ശ്രീ.ആന്റണി ജോൺ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) ഹോട്ടലുകളിൽ ഭക്ഷ്യവസ്തുക്കളുടെ വില യാതൊരു മാനദണ്ഡവുമില്ലാതെ ക്രമാതീതമായി വർദ്ധിപ്പിച്ച് ജനങ്ങളെ ബുദ്ധിമുട്ടിലാക്കുന്ന സ്ഥിതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എ) ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ, അളവ്. ഹോട്ടലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ നല്കുന്ന സേവനം എന്നിവയുടെ അടിസ്ഥാനത്തിൽ ഒരേയിനം ഭക്ഷണസാധനങ്ങൾക്ക് വിവിധ തരത്തിൽ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഒരേ അളവും ഗുണവുമുള്ള ഒരേ ഇനം ആഹാരത്തിന് ഒരു പ്രദേശത്തു തന്നെ വിവിധ വില ഈടാക്കുന്നത് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) നിലവിലെ നിയമം അനുസരിച്ച് ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനോ ഏകീകരിക്കുന്നതിനോ ഉള്ള അധികാരം വകുപ്പിനില്ല. ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിച്ചിട്ടുണ്ടോ എന്നും വിലവിവരപ്പട്ടികയിൽ പ്രദർശിപ്പിച്ച നിരക്കിലും അധികമായി വില ഈടാക്കുന്നുണ്ടോ എന്നും പരിശോധിക്കുന്നതിനുള്ള അധികാരം മാത്രമാണ് വകുപ്പിനുള്ളത്. |
| (സി) മുനിസിപ്പാലിറ്റിയിലും പഞ്ചായത്തിലും അതാതു തലത്തിൽ പരിശോധനാ സംവിധാനം ഏർപ്പെടുത്തുകയും, നിയമസഭാമണ്ഡല തലത്തിൽ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുമോ; വിലക്കയറ്റം പിടിച്ചു നിർത്തുവാൻ നടപടി സ്വീകരിക്കുമോ ? | (സി) എല്ലാ തലത്തിലും മോണിറ്ററിംഗ് ശക്തിപ്പെടുത്തി വകുപ്പിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് വിലക്കയറ്റം തടയാനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**